കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

# 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ/എം.പി.എം4/561/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.
തീയതി .17-03-2017
e-mail:.dompm.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാളികാവ് ബ്ലോക്ക് പഞ്ചായത്ത്.

സർ,

വിഷയം : കാളികാവ് ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) , മലപ്പുറം

3)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (പെർഫോമൻസ് ഓഡിറ്റ്) , മലപ്പുറം

4)കാര്യാലയ പകർപ്പ്

കെ.എസ്.എ/എം.പി.എം 4/561/17

തിയ്യതി: 17-03-2017

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2015മുതൽ 05.02.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ .വി. കെ. ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.02.2017 മുതൽ 1 .03.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സതീഷ് മാവേലി.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.അമീൻഫൈസൽ.ടി.ടി | ഓഡിറ്റർ |
| | | ശ്രീമതി. സുജാത. എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ടി. ജെ. മറിയക്കുട്ടി | 01.04.2015മുതൽ 31.10.2015വരെ |
| | | അഡ്മിനിസ്ട്രേറ്റീവ്ബോർഡ് | 01.11.2015മുതൽ 18.11.2015വരെ |
| | | ശ്രീ. പി . ഖാലിദ് മാസ്റ്റർ. | 19.11.2015 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | പേര് | കാലയളവ് |

| ഉദ്യോഗപ്പേര് | | | |
|---|---|---|---|
| സെക്രട്ടറി | : | ശ്രീ. ജോസ് ജോസഫ് | 01.04.2015മുതൽ 15.02.2016 വരെ |
| | : | ശ്രീ. പി. കേശവദാസ് | 16.02.2016 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | : | ശ്രീ. ജി . ബാലചന്ദ്രൻ | 01.04.2015മുതൽ 06.05.2015. വരെ |
| | | ശ്രീ. സുധർമരാജ് | 07.05.2015 മുതൽ 19.06.2015 വരെ |
| | | ശ്രീ. ജോയി അശോക്. | 20.06.2015 മുതൽ 10.09.2015 വരെ |
| | | ശ്രീ. ജി. ഉത്തമൻ. | 11.09.2015 മുതൽ 08.12.2015 വരെ |
| | | ശ്രീ. സന്തോഷ്. എം. വി. | 09.12.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | മുരളീധരൻ .സി. ആർ. | 01-04-2015 മുതൽ 19-06-2015 വരെ |
| ടി | | നാരായണി. വി.പി. (അഡീഷണൽ ചാർജ്) | 20-06-2015 മുതൽ 05-07-2015 വരെ |
| ടി | | സുബിൻ. എസ്.ജെ | 06-07-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ | | ശ്രീ. മുഹമ്മദ് നജീബ്. | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | പരാമർശമില്ല. | | |
| | ഭാഗം 3 | | |
| 13 | ക്രമ വിരുദ്ധമായി യാത്രപ്പടി അനുവദിച്ചു; 15,635/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 | |
| 14 | പട്ടികജാതി യുവജനങ്ങൾക്ക് പ്രീ- റിക്രൂട്ട്മെന്റ് പരിശീലന പരിപാടി- അപാകതകൾ. | 3-2 | |
| 15 | ആദായ നികുതി ഈടാക്കിയില്ല; കേന്ദ്ര സർക്കാറിന് 42,467/- രൂപയുടെ നഷ്ടം. | 3-3 | |
| 16 | എസ്.സി കോളനി ഭവന സുരക്ഷ: 8,95,239/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല. | 3-4 | |
| 17 | മണ്ണ് ഫില്ലിംഗ് അധിക മൂല്യം അനുവദിച്ചത് | 3-5 | |
| 18 | പ്രവർത്തിയുടെ അളവ് കണക്കാക്കാതെ മൂല്യനിർണ്ണയം അനുവദിച്ചു | 3-6 | |
| 19 | മെറ്റീരിയൽ മൂല്യം വാറ്റ്കണക്കാക്കാതെ മൊത്തം മൂല്യത്തിന് അടവാക്കിയത് | 3-7 | |
| 20 | വ്യത്യസ്ത പ്രൊജക്ടിലായി ഒരേകെട്ടിടം നിർമ്മിച്ചത് | 3-8 | |
| 21 | ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-9 | |
| 22 | ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അധികവിഹിതം ക്രമീകരിച്ചില്ല. | 3-10 | |
| 23 | മഹിള കിസാൻ ശാക്തീകരൺ പരിയോജന – പദ്ധതി അവലോകനം | 3-11 | |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്.

2015-16വർഷത്തെ ബജറ്റ് 25.03.2015 തിയതിയിലെ 1 (l) -ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 20-07-2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 09.02.2017 | ഇതേ റിപ്പോർട്ടിന്റെ ഭാഗമാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. |

2015-16-ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
3. വൗച്ചർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. ബാധ്യതയായി രേഖപ്പെടുത്തിയ ഐ.എ.വൈ കേന്ദ്ര വിഹിതം (B-4) നീക്കിയിരുപ്പുമായി (B-17) പൊരുത്തപ്പെടുന്നില്ല.
5. ബാധ്യതയായി രേഖപ്പെടുത്തിയ ഐ.സി.ഡി.എസ് വിഹിതം (B-4) നീക്കിയിരുപ്പുമായി (B-17) പൊരുത്തപ്പെടുന്നില്ല.
6. ബാധ്യതയായി രേഖപ്പെടുത്തിയ ടി.എസ്.സി വിഹിതം (B-4) നീക്കിയിരുപ്പുമായി (B-17) പൊരുത്തപ്പെടുന്നില്ല.
7. എം.ജി.എൻ.ആർ.ജി.എ-ക്ക് നൽകിയ അഡ്വാൻസ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. മൂലധന ചെലവുകളിൽ പാർട്ട് ബിൽ നൽകിയവ Capital Work in Progress [B-11-(a)] ഹെഡിൽ ബുക്ക് ചെയ്തിട്ടില്ല.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 41386575 |
| വരവ് | 198374758 |
| ആകെ | 239761333 |
| ചെലവ് | 179281972 |
| നീക്കിയിരിപ്പ് | 60479361 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 452854 | 38511000 | 0 | 38963854 | 37963854 | 1000000 | 97 |
| വികസന ഫണ്ട് എസ്.സി.പി. | 248215 | 11398000 | 0 | 11646215 | 10846215 | 800000 | 93 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1544000 | 0 | 1544000 | 1544000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 478047 | 5606000 | 0 | 6084047 | 4876917 | 1207130 | 80 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 161033901 | 84 | 55682711 | 1 | 10 | 88 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 72 (-) ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | |
| നികുതിയേതര വരവുകൾ | 4453049 | 1230097 | (-)3222952 | 72(-) |
| മറ്റുവരവുകൾ | | | | |
| ആകെ | 4453049 | 1230097 | (-)3222952 | 72(-) |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-02-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 53985/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. സ്ഥാപനത്തിന്റെ ഡെ ബുക്കിൽ 08.02.2017 ലെ നീക്കിയിരിപ്പ് 0 രൂപയാണ്. വ്യത്യാസത്തിന് കാരണം ആവശ്യപ്പെട്ടപ്പോൾ മെമ്പർമാർക്ക് ഹോണറേറിയം നൽകുന്നതിനായി പിൻവലിച്ച തുകയാണിതെന്നും സാംഖ്യയിൽ ഈ വിവരം ചേർക്കാൻ കഴിയില്ലെന്നും സബ്സിഡിയറി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല എന്നുമാണ് അറിയിച്ചത്.

## 1-10 ആഭ്യന്തര നിയന്ത്രണം.

1. പദ്ധതി നിർവ്വഹണം- കാര്യക്ഷമമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്ധ്യോഗസ്ഥരുടെ ബന്ധപ്പെട്ട മേഖലകളിലെ അറിവും സാങ്കേതിക പരിജ്ഞാനവും, പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉപയോഗപ്പെടുത്തുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രൊജക്ടുകളെ സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ (തുക) | ചെലവ് (തുക) |
|---|---|---|---|
| 95 | 85 | 161033901 | 55682711 |

95 പദ്ധതികൾക്കാണ് സാമ്പത്തിക വർഷത്തിൽ നിർവ്വഹണത്തിനായി ജില്ലാ ആസൂത്രണ സമിതിയിൽ (DPC) നിന്നും അംഗീകാരം ലഭിച്ചത്. ആയതിൽ 85 പദ്ധതികൾ നിർവഹണം നടത്തുകയും, ഇതിനായി വിവിധ ഫണ്ടുകളിൽ നിന്ന് 55,682,711/- രൂപ ചെലവഴിക്കുകയും ചെയ്തു. ഇത്രയും തുക ചെലവഴിച്ചത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ ഉദ്ധ്യോഗസ്ഥർ നിർവഹണം നടത്തിയ പദ്ധതികളെ സംമ്പന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്ധ്യോഗസ്ഥന്റെ പേര് | നിർവഹണം നടത്തിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | ചെലവഴിച്ച തുകയുടെ ശതമാനം (%) |
|---|---|---|---|---|
| 01 | സെക്രട്ടറി | 18 | 30901710 | 55 |
| 02 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയർ | 66 | 24172596 | 44 |
| 03 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01 | 608405 | 1 |
| 04 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | --- | --- | --- |
| 05 | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസിർ. | --- | --- | --- |
| 06 | വ്യവസായ വികസന ഓഫീസർ | --- | --- | --- |
| 07 | പട്ടിക ജാതി വികസന ഓഫീസർ | --- | --- | --- |

| 08 | ക്ഷീര വികസന ഓഫീസർ | --- | --- | --- |
|---|---|---|---|---|
| ആകെ | | 85 | 55682711 | |

പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനുമായി ബ്ലോക്ക് പഞ്ചായത്ത് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നില്ല. ആയതുമൂലം കൃഷി, ക്ഷീരം, വ്യവസായം തുടങ്ങിയ ഉൽപാദന മേഖലകളിലും, വിവിധ സേവന മേഖലകളിലും പദ്ധതികൾ നടപ്പിലാക്കുന്നില്ല. ആയത് ജനകീയാസൂത്രണം വിഭാവനം ചെയ്യുന്ന സമഗ്രത നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി ആസൂത്രണത്തിലും, നിർവ്വഹണത്തിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്ധ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. മേൽ പരാമർശം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

2. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്ററിൽ ജീവനക്കാരുടേയും വിവിധ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മുഴുവൻ വിവരങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്.

## **1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2016 | 2015-16 | 17.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2014 | 2010-11 മുതൽ 2012-13വരെ | 13.05.2014 |

# ഭാഗം-**3**

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** ക്രമ വിരുദ്ധമായി യാത്രപ്പടി അനുവദിച്ചു; **15,635/-** രൂപയുടെ ചെലവ് നിരാകരിക്കുന്നു.

കാലഹരണപ്പെട്ട യാത്രപ്പടി അനുവദിച്ചത് മൂലം 15635/- രൂപയുടെ നഷ്ടം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായി. കെ.എസ്.ആർ (പാർട്ട് II), ചട്ടം 5A പ്രകാരം യാത്രപ്പടി (ദിന ബത്ത ഉൾപ്പടെ) ഡ്യൂ ആയി ഒരു വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്ത പക്ഷം ആയത് കാലഹരണപ്പെടുന്നതുമാണ്.

ഇത്തരത്തിൽ കാലഹരണപ്പെട്ട 15635/- രൂപ യാത്രപ്പടി ഇനത്തിൽ 29.05.2015 -ലെ 21500252 നമ്പർ വൗച്ചർ പ്രകാരം അനുവദിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീമതി. മറിയക്കുട്ടി ടീച്ചർ, ഏപ്രിൽ 2013 (04/2013) മുതൽ ഡിസംബർ 2013 (12/2013) വരെയുള്ള കാലയളവിലെ ടി.എ നോട്ടുകൾ 15.02.2015-നാണ് (ഔദ്യോഗിക ലെറ്റർപാഡിലെ ആമുഖ കത്ത് സഹിതം) സെക്രട്ടറിക്ക് നൽകിയിട്ടുള്ളത്. യാത്രപ്പടി അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| യാത്ര ചെയ്ത മാസം | തുക | യാത്രപ്പടി ക്ലെയിം ചെയ്യേണ്ട അവസാന തിയ്യതി | യാത്രപ്പടി ക്ലെയിം ചെയ്ത തിയ്യതി |
|---|---|---|---|
| ഏപ്രിൽ 2013 | 875 | 30.04.2014 | 15.02.2015 |
| മെയ് 2013 | 1050 | 31.05.2014 | -do- |
| ജൂൺ 2013 | 2312 | 30.06.2014 | -do- |

| | | | |
|---|---|---|---|
| ജൂലൈ 2013 | 1000 | 31.07.2014 | -do- |
| ആഗസ്റ്റ് 2013 | 2387 | 31.08.2014 | -do- |
| സെപ്റ്റംബർ 2013 | 2262 | 30.09.2014 | -do- |
| ഒക്ടോബർ 2013 | 1000 | 31.10.2014 | -do- |
| നവംബർ 2013 | 2187 | 30.11.2014 | -do- |
| ഡിസംബർ 2013 | 2562 | 31.12.2014 | -do- |
| ആകെ | 15635 | വൗച്ചർ നമ്പർ 21500252/ 29.05.2015 | |

ക്രമ വിരുദ്ധമായി അനുവദിച്ച 15,635/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്.

[കുറിപ്പ്: ക്രമ വിരുദ്ധമായ ചെലവ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു- EQ No. 03/09.02.2017]

## 3-2 പട്ടികജാതി യുവജനങ്ങൾക്ക് പ്രീ- റിക്രൂട്ട്മെന്റ് പരിശീലന പരിപാടി- അപാകതകൾ.

പട്ടികജാതി യുവജനങ്ങൾക്ക് സൈന്യത്തിലേക്ക് ഉൾപ്പടെയുള്ള കായിക ക്ഷമത ആവശ്യമായ ജോലികളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ "പട്ടികജാതി യുവജനങ്ങൾക്ക് പ്രീ-റിക്രൂട്ട്മെന്റ് പരിശീലന പരിപാടി (S0090/2016)" എന്ന പ്രൊജക്ട് പദ്ധതി മാർഗരേഖക്ക് വിരുദ്ധമാണ്. കൂടാതെ മേൽ പ്രൊജക്ടിന്റെ ചെലവ് തുകയിന്മേൽ ബാധകമായ നികുതികൾ ഈടാക്കാത്തതുമൂലം കേന്ദ്ര സർക്കാറിന് സർവ്വീസ് ടാക്സ് ഇനത്തിൽ (സെസ്സ് ഉൾപ്പടെ) 1,40,080/- രൂപയുടെ നഷ്ടവും ഉണ്ടായി. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

പദ്ധതിയുടെ ഭാഗമായി ഒരു പരിശീലനാർത്ഥിക്ക് 17,000 രൂപ നിരക്കിൽ 80 പരിശീലനാർത്ഥികൾക്കായി മൊത്തം 13,60,000 രൂപ കോഴിക്കോട് പ്രവർത്തിക്കുന്ന പ്രീ- റിക്രൂട്ട്മെന്റ് ട്രൈനിംഗ് സെന്റർ എന്ന സ്ഥാപനത്തിന്ന് നൽകിയിട്ടുണ്ട്. ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ /തിയ്യതി | തുക |
|---|---|---|
| 01 | 11/2015-16/ 31.07.2015 | 450000 |
| 02 | 18/2015-16/ 23.09.2015 | 450000 |
| 03 | 21/2015-16/ 30.11.2015 | 400000 |
| 04 | 36/2015-16/ 31.03.2016 | 60000 |
| ആകെ | | 13,60,000 |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

I. പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രൊജക്ട് അനുവദിനീയമല്ല.

പദ്ധതി/ സബ്സിഡി മാർഗ്ഗ രേഖയുടെ [ജി.ഒ (എം.എസ്) നമ്പർ. 362/2013 ത.സ്വ.ഭ.വ 16.11.2013] അനുബന്ധം 1 ഖണ്ഡിക 5, അനുബന്ധം 16 ഖണ്ഡിക 7.10 എന്നിവ പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകുന്നതിനാണ് അനുമതിയുള്ളത്. കൂടാതെ പരിശീലനം നൽകുന്നതിന് മാത്രമായി പ്രൊജക്ടുകൾ നടപ്പിലാക്കാൻ പാടില്ലെന്നും മേൽ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതി പദ്ധതി/ സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമാണെന്ന് ഓഡിറ്റ്

വിലയിരുത്തുന്നു.

II. സർവ്വീസ് ടാക്സ് ഈടാക്കിയില്ല.

ട്രൈനിംഗ് ഫീസ് ഇനത്തിൽ സ്ഥാപനത്തിന് നൽകിയ 13,60,000/- രൂപയിന്മേൽ സർവ്വീസ് ടാക്സ് ഈടാക്കിയിട്ടില്ല. സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കേണ്ട തുക താഴെ ചേർക്കുന്നു.

| ട്രൈനിംഗ് ഫീസ് ഇനത്തിൽ നൽകിയ തുക | സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കേണ്ട തുക (@ 10% of Training fee) | സെസ്സ് (@ 3% of Service Tax) | ആകെ തുക |
|---|---|---|---|
| 13,60,000 | 1,36,000 | 4080 | 1,40,080 |

സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കേണ്ട തുക 1,40,080/- രൂപ (സെസ്സ് ഉൾപ്പടെ) ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## 3-3 ആദായ നികുതി ഈടാക്കിയില്ല; കേന്ദ്ര സർക്കാറിന് 42,467/- രൂപയുടെ നഷ്ടം.

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് കെട്ടിട വാടക, ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന്റെ ടെക്നിക്കൽ/ കൺസൾട്ടൻസി ചാർജ് എന്നീ ചെലവുകളിന്മേൽ ബാധകമായ ആദായ നികുതി ഇനത്തിലെ (സെസ്സ് ഉൾപ്പടെയുള്ള) കുറവുകൾ വരുത്താതെ മുഴുവൻ തുകയും ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിയത് മൂലം കേന്ദ്ര സർക്കാറിന് 42467/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | ഇനം/ വിവരണം | തുക | വൗച്ചർ നമ്പർ/ തിയ്യതി | ആദായ നികുതി (സെസ്സ് ഉൾപ്പടെ) ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|
| 01 | പഞ്ചായത്ത് ഓഫീസ് കെട്ടിട വാടക (ശ്രീ. ഹാരിസ്.പി.പി, പുത്തൻപീടികക്കൽ) | 223597 | 142289/- 21500877/ 01.12.2015 81308/- 21501166/ 16.02.2016 | 23031 (22360+ 671) |
| 02 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിട നിർമ്മാണം- ടെക്നിക്കൽ/ കൺസൾട്ടൻസി ചാർജ് ( AR Associates, Payyooli, Calicut) | 188700 | Cq No. 2507299/ 22.04.2015 | 19436 (18870+ 566) |
| ആകെ | | | | 42467 |

കേന്ദ്ര സർക്കാറിന് ഉണ്ടായിട്ടുള്ള 42,467/- രൂപയുടെ നഷ്ടം ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിൽ അടവാക്കേണ്ടതാണ്.

[കുറിപ്പ്: ആദായ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു- EQ No. 03/09.02.2017]

## 3-4 എസ്.സി കോളനി ഭവന സുരക്ഷ: 8,95,239/- രൂപയുടെ അധിക ചെലവ് അംഗീകരിക്കുന്നില്ല.

എസ്.സി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കാളികാവ് പഞ്ചായത്തിലെ ചേറുകുളമ്പ്, താണിപ്പാടം കോളനികളിൽ "എസ്.സി കോളനി ഭവന സുരക്ഷ"- പദ്ധതികളുടെ ഭാഗമായി നടപ്പാക്കിയ കരിങ്കൽ കെട്ടുകളിൽ, ചെയ്യാത്ത ഇനം പ്രവൃത്തികൾ മൂല്യ നിർണ്ണയം നടത്തി തുക അനുവദിച്ചത് മൂലം 8,95,239/- രൂപയുടെ അധിക ചെലവുണ്ടായി. പ്രൊജക്റ്റ് എസ്റ്റിമേറ്റ് പ്രകാരം സൂപ്പർ സ്ട്രക്ചർ (Super Structure), സിമന്റ് ചാന്തിൽ കരിങ്കൽ പടവ് നടത്തി പോയിന്റിംഗ് നടത്തുന്നതിനായിരുന്നു. ടി ഇനങ്ങൾക്ക് എല്ലാം മൂല്യനിർണ്ണയം നടത്തി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10.02.2017 -ന് ബ്ലോക്ക് പഞ്ചായത്ത് ഓവർസിയറുടെ സാനിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ സൂപ്പർ സ്ട്രക്ചർ (Super Structure), കരിങ്കല്ല് കൊണ്ട് തനി പടവ് നടത്തി പോയിന്റിംഗ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. പ്രൊജക്റ്റുകളുടെയും, മൂല്യ നിർണ്ണയത്തിന്റെയും വിവരം താഴെ ചേർക്കുന്നു.

I. ചേറുകുളമ്പ് എസ്.സി കോളനി ഭവന സുരക്ഷ പദ്ധതി.

| | |
|---|---|
| കൺവീനർ | ശ്രീ. മാനുകുട്ടൻ, ആക്കുംപാറ വീട്. |
| അടങ്കൽ | 15,00,000 |
| എഗ്രിമെന്റ് നമ്പർ | 33/2014-15/ 21.02.2015 |
| എം ബുക്ക് നമ്പർ | 30/2014-15 |
| വൗച്ചർ നമ്പർ | 21500397/ 04.07.2015 |

മൂല്യ നിർണ്ണയം.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നിരക്ക് | തുക |
|---|---|---|---|---|
| 01 | കരിങ്കൽ കെട്ടിന് വേണ്ടിയുള്ള മൺപണി | 192.15 M3 | 2356/10M3 | 45270 |
| 02 | വെറും കരിങ്കൽ പടവ് | 192.15 M3 | 1693/ M3 | 325309 |
| 03 | സിമന്റ് ചാന്തിൽ കരിങ്കൽ പടവ് (Super Structure) | 312.66 M3 | 3090/ M3 | 966119 |
| 04 | Pointing (Super Structure) | 360.15 M2 | 812/ 10 M2 | 29244 |
| ആകെ മൂല്യ നിർണ്ണയം | | | | 1365942 |
| നികുതികൾ | | | | 150254 |
| ആകെ തുക | | | | 1516196 |
| കൺവീനർക്ക് നൽകിയ തുക (അടങ്കൽ 1500000 പരിമിതപ്പെടുത്തി) | | | | 1349746 |

സ്ഥല പരിശോധനയിൽ ക്രമ നമ്പർ 03 പ്രകാരം സൂപ്പർ സ്ട്രക്ചർ (Super Structure), RRM ചെയ്തിട്ടില്ലെന്നും പകരം DRM നടത്തി പോയിന്റിംഗ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത് എന്നും ബോധ്യപ്പെട്ടു. ആയതിനാൽ തെറ്റായി മൂല്യ നിർണ്ണയം നടത്തി അനുവദിച്ച ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുക നിരാകരിക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 9,66,119 (312.66 *3090) | 5,29,333 (312.66* 1693) | 4,36,786 (9,66,119- 5,29,333) |

II. താന്നിപ്പാടം എസ്.സി കോളനി ഭവന സുരക്ഷ പദ്ധതി.

| | |
|---|---|
| കൺവീനർ | ശ്രീ. വേലായുധൻ, കോടി വീട്. |
| അടങ്കൽ | 15,00,000 |
| എഗ്രിമെന്റ് നമ്പർ | 31/2014-15/ 21.02.2015 |
| എം ബുക്ക് നമ്പർ | 29/2014-15 |
| വൗച്ചർ നമ്പർ | 21500398/ 04.07.2015 |

<u>മൂല്യ നിർണ്ണയം.</u>

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നിരക്ക് | തുക |
|---|---|---|---|---|
| 01 | കരിങ്കൽ കെട്ടിന് വേണ്ടിയുള്ള മൺപണി | 160.65 M3 | 2356/10M3 | 37849 |
| 02 | വെറും കരിങ്കൽ പടവ് | 160.65 M3 | 1693/ M3 | 271981 |
| 03 | സിമന്റ് ചാന്തിൽ കരിങ്കൽ പടവ് (Super Structure) | 328.17 M3 | 3090/ M3 | 1014045 |
| 04 | Pointing (Super Structure) | 415.73 M2 | 812/ 10 M2 | 33757 |
| ആകെ മൂല്യ നിർണ്ണയം | | | | 1357632 |
| നികുതികൾ | | | | 149339 |
| ആകെ തുക | | | | 1506971 |
| കൺവീനർക്ക് നൽകിയ തുക (അടങ്കൽ 1500000 പരിമിതപ്പെടുത്തി) | | | | 1350661 |

സ്ഥല പരിശോധനയിൽ ക്രമ നമ്പർ 03 പ്രകാരം സൂപ്പർ സ്ട്രെക്ചർ (Super Structure), RRM ചെയ്തിട്ടില്ലെന്നും പകരം DRM നടത്തി പോയിന്റിംഗ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത് എന്നും ബോധ്യപ്പെട്ടു. ആയതിനാൽ തെറ്റായി മൂല്യ നിർണ്ണയം നടത്തി അനുവദിച്ച ചുവടെ ചേർക്കുന്ന പ്രകാരമുള്ള തുക നിരാകരിക്കുന്നു.

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 10,14,045<br>(328.17*3090) | 5,55,592<br>(328.17*1693) | 4,58,453<br>(10,14,045- 5,55,592) |

ചെയ്യാത്ത ഇനം പ്രവൃത്തികൾ മൂല്യ നിർണ്ണയം നടത്തി തുക അനുവദിച്ചത് മൂലം മൊത്തം 8,95,239/- രൂപയുടെ [4,36,786+ 4,58,453] അധിക ചെലവുണ്ടായിട്ടുണ്ട്. മേൽ തുക മെഷർമെന്റ്, ചെക്ക് മെഷർമെന്റ് നടത്തിയ ഉദ്യോഗസ്ഥരുടെ തുല്യ ബാധ്യതയായി കണക്കാക്കുന്നു.



*[സിമന്റ് ചാന്തിൽ കരിങ്കൽ പടവ് നടത്തി പോയിന്റിംഗ് ചെയ്തെന്ന് മൂല്യ നിർണ്ണയും നടത്തി തുക നൽകിയ കരിങ്കൽ പടവിന്റെ ഉൾഭാഗത്തുനിന്നുള്ള ദൃശ്യം- താന്നിയപ്പാടം എസ്.സി കോളനി]*

## 3-5 മണ്ണ് ഫില്ലിംഗ് അധിക മൂല്യം അനുവദിച്ചത്

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളിൽ മണ്ണ് നിറക്കൽ പ്രവൃത്തി നടത്തിയപ്പോൾ പണിസ്ഥലത്ത് നിന്ന് കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിനാലും മണ്ണ് അമരമ്പോഴുണ്ടാകുന്ന ഷ്രിങ്കേജിനത്തിൽ നിശ്ചിത ശതമാനം കുറവ് ചെയ്യാത്തതിനാലും കൺവീനർമാർക്ക് താഴെ പറയും പ്രകാരം അധികത്തുക നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിശദാംശം | മണ്ണ് നിറക്കലിന് നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | പന്നികുളം താഴെ കള്ളി റോഡ്<br>കൺവീനർ:സത്യകുമാരൻ<br>കരാർ: 35/14-15<br>അ.പ: 70/14-15 & 71/14-15<br>ബിൽ നമ്പർ- 59/30-3-15, 44/29-2-16 &56/21-3-16<br>മൂല്യ നിർണ്ണയതുക- 15 ലക്ഷം<br>നൽകിയ തുക -15 ലക്ഷം | ഇനം(6): ആകെ ചെയ്ത അളവ് -298.80 m3<br>(- )കട്ട് എർത്ത് -93.97m3<br>ബാക്കി-204.83 m3 ന് 332.45/m3 നിരക്കിൽ തുക അനുവദിച്ചു | എന്നാൽ ഷ്രിങ്കേജ് ഇനത്തിൽ 16.67 % കുറവ് ചെയ്യാത്തതിനാൽ 204.83 m3ന്റെ 16.67 % അതായത് 34.15 m3 ന് അധിക മൂല്യം അനുവദിച്ചിട്ടുണ്ട് | 11353രൂപ. |
| 2 | കട്ടക്കാട് അത്താണിക്കൽ | അളവ്- 300.m3 ന് | ഇനം(1)എന്നാൽ കുഴിച്ചെടുത്ത മണ്ണ് | 28059 രൂപ. |

| | | | | |
|---|---|---|---|---|
| | റോഡ്<br>കൺവീനർ:അബ്ദുൽ സലീം<br>കരാർ: 5/17-10-14<br>അ.പു: 10/14-15<br>ബിൽ നമ്പർ- 28/30-12-14<br>&<br>1/27-7-15<br>മൂല്ല്യ നിർണ്ണയതുക- 4.5ലക്ഷം<br>നൽകിയ തുക -4.5 ലക്ഷം | 332.45/m3 നിരക്കിൽ തുക അനുവദിച്ചു | -41.49m3 കുറവ്<br>ബാക്കി വരുന്ന 258.51m3 ന്ഷ്രിംകേജ്:(16.6%)43.09m3 എന്നിവ കുറവ് ചെയ്താൽ<br>ബാക്കി: 215.60 m3<br>ന് മൂല്ല്യം അനുവദിക്കുന്നതിന് പകരം 300.m3 ന് 332.45/m3 നിരക്കിൽ തുക അനുവദിച്ചു | |
| | | | ആകെ | 39412രൂപ. |

മേൽ തുക കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം അളവെടുക്കുകയും ചെക്ക് മെഷർ മെന്റ്എടുക്കുകയും ചെയ്തവരിൽ നിന്നും തുല്ല്യമായോ ഈടാക്കേണ്ടതാണ്.


## 3-6 പ്രവർത്തിയുടെ അളവ് കണക്കാക്കാതെ മൂല്ല്യനിർണ്ണയം അനുവദിച്ചു

2015-16 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവഹണം നടത്തിയ വിവിധ പ്രവ്യത്തികളുടെ വിശദമായ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്താതെ ആകെ പ്രവ്യത്തിയുടെ വിവരം മാത്രം രേഖപ്പെടുത്തി പണം നൽകിയതായി കാണുന്നു.(2014-15 വർഷത്തിലും ടി പ്രവർത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്)വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവ്യത്തി/ എം ബുക്ക് | ഇനം നമ്പർ & വിവരം | അനുവദിച്ച തുക | അപാകത |
|---|---|---|---|
| 68/31-3-16<br>ആകെ അനുവദിച്ചത്- 240642രൂപ | 4-electrification | 20000 | വൈദ്യുതീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും നടപ്പാക്കിയ പ്രവ്യത്തിയുടെ അളവ് ,ഇനം എന്നിവ രേഖപ്പെടുത്താതെയും electrification using all light fiting എന്ന് മാത്രം രേഖപ്പെടുത്തി .(എം ബുക്ക് പേജ് -2) |
| കാളികാവ് CHC ഒ.പി ബ്ലോക്ക് പുനരുദ്ധാരണം.(11/15)<br>എംബുക്ക്- 58/14-15<br>ബിൽ നമ്പർ<br>-93/ 31.03.2015-3ലക്ഷം<br>&<br>50/29-2-16 -7 ലക്ഷം | 4-tress work | 480126 | നടപ്പാക്കിയ പ്രവ്യത്തിയുടെ ഇനം തിരിച്ച വിശദമായ അളവ് , ഉപയോഗിച്ച കമ്പികളുടെ അളവ് എന്നിവ രേഖപ്പെടുത്താതെ steel work in built up tubular GI = 4205 kg @ 114.18/kgഎന്ന് മാത്രം രേഖപ്പെടുത്തി പണം നൽകി.(എം ബുക്ക് പേജ് -1) .2014-15, 15-16 വർഷങ്ങളിൽ ബഹു വർഷ പ്രൊജക്ടായി പ്രവ്യത്തിയുടെ ബിൽതുക അനുവദിച്ചു. |
| | | 500126 | |

എം ബുക്കിൽ വിശദമായ അളവ് രേഖപ്പെടുത്താതെ ആകെ ഉപയോഗിച്ച സാധനങ്ങളുടെ അളവ് മാത്രം രേഖപ്പെടുത്തി പണം നൽകിയത് ക്രമവിരുദ്ധമാണ്. ഈ ഇനത്തിലെ ചെലവ് ₹500126 തടസ്സം ചെയ്യുന്നു. മേൽപ്രവ്യത്തികളിൽ നടപ്പാക്കിയവയുടെ വിശദമായ അളവ് സംബന്ധിച്ച രേഖാമൂലമുള്ള വിശദീകരണം

ആദ്യമറുപടിക്കൊപ്പം ലഭ്യമാക്കാത്തപക്ഷം ചെലവ് തുക ഉത്തരവാദിയായ എഞ്ചിനിയറിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.


CASH BILL

AKH ELECTRICALS
KALIKAVU

Date : 1/3/16

Name :

| Rate | ITEM | AMOUNT |
|---|---|---|
| | Electrical items | 20000 |
| TOTAL | | 20000 |

Rupees ....................

....................only

Signature

## 3-7 വാറ്റ് മെറ്റീരിയൽ മൂല്ല്യം കണക്കാക്കാതെ മൊത്തം മൂല്ല്യത്തിന് അടവാക്കിയത്

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികൾ കൺവീനർമാർ മുഖേനെയാണ് നടപ്പാക്കിയിട്ടുള്ളത് . മേൽ പ്രവർത്തികളുടെയെല്ലാം മൂല്ല്യം 10 ലക്ഷത്തിൽ അധികരിച്ചിട്ടുണ്ട്. 10 ലക്ഷത്തിൽ അധികരിച്ച് മൂല്ല്യം വരുന്ന കൺവീനർമാർ മുഖേനെ നടപ്പാക്കുന്ന പ്രവർത്തികളിൽ ജോലിക്കാരുടെ കൂലി ഒഴിച്ചുള്ള മൂല്ല്യത്തിന്റെ 12.5 % ആണ് വാറ്റിനത്തിൽ അടവാക്കേണ്ടത് . എന്നാൽ ഈ പ്രവർത്തികളിൽ കൺവീനർമാർ ഹാജരാക്കിയ ബില്ലുകളും രേഖകളും പരിശോധിച്ച് മെറ്റീരിയലിന്റെ മൂല്ല്യം എത്രയെന്ന് കണക്കാക്കാതെ മൊത്തം മൂല്ല്യ നിർണ്ണയ തുകയുടെ 10% പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കുകയാണ് ചെയ്തിട്ടുള്ളത്. ടി പ്രവർത്തികളിലെല്ലാം ഏറ്റവും കൂടിയത് 65 % മെറ്റീരിയലിന്റെ മൂല്ല്യം ഉണ്ടെങ്കിൽ തന്നെ ഏറ്റവും കുറഞ്ഞത് രൂപയുടെ അധിക ചെലവുണ്ടായതായി കണക്കാക്കുന്നു.

| പ്രവർത്തിയുടെ വിവരം | മൂല്ല്യ നിർണ്ണയ തുക | അടവാക്കിയ വാറ്റ് | മൂല്ല്യ നിർണ്ണയ തുകയുടെ 65 % മെറ്റീരിയലിന്റെ മൂല്ല്യം ആണെങ്കിൽ അടവാക്കേണ്ടിയിരുന്ന വാറ്റ് | അധിക ചെലവ് |
|---|---|---|---|---|
| കരുവാരകുണ്ട് കോമൺ ഫെസിലിറ്റി സെന്റർ<br>കൺവീനർ-അബ്ദുൽ ഗഫൂർ<br>ബിൽ നമ്പർ-62/31-3-15 & 53/21-3-16 | 1255714 | 125571 | 102027 | 23544 |
| SC ഫെസിലറ്റേഷൻ കോമൺ ഫെസിലിറ്റി സെന്റർ<br>കൺവീനർ-ശിവദാസൻ<br>ബിൽ നമ്പർ-72/30-3-15 & 85/31-3-15&57 /25-3-16 | 1206057 | 120606 | 97992 | 22614 |
| പന്നികുളം താഴെകള്ളി റോഡ്<br>കൺവീനർ-സത്യകുമാരൻ<br>ബിൽ നമ്പർ-59/30-3-15, 44/29-2-16 &56/21-3-16 | 1351351 | 135135 | 109797 | 25338 |
| ചേറുകുളമ്പ് എസ്. സി കോളനി ഭവനസുരക്ഷ<br>കൺ വീനർ – മാനുകുട്ടൻ ആക്കംപാറ വീട്<br>വൗച്ചർ നമ്പർ 21500397 / 04-07-2015 | 1365944 | 136595 | 110983 | 25612 |
| താന്നിപ്പാടം എസ്. സി. കോളനി | 1357632 | 135763 | 110308 | 25455 |

| | | | | |
|---|---|---|---|---|
| ഭവനസുരക്ഷ<br>കൺവീനർ – ശ്രീ. വേലായുധൻ , കോടി ഹൗസ് ,<br>വൗച്ചർ നമ്പർ – 21500398 /04-07-2015 | | | | |
| | | | | 122563 |

പത്തുലക്ഷത്തിൽ അധികരിച്ചതും ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്നതുമായ പ്രവർത്തികൾക്ക് ലേബർ ചാർജ് ഒഴികെയുള്ള തുകയുടെ 12.5 % ശതമാനം വാറ്റ് ഈടാക്കണമെന്നിരിക്കെ , മൊത്തം മൂല്യ നിർണ്ണയത്തിന്റെ 10 % നിരക്കിൽ വാറ്റ് അടവാക്കിയതിന് അടിസ്ഥാനമാക്കിയ ഉത്തരവിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

പഞ്ചായത്ത് ഫണ്ടിൽനിന്നും നികുതി അടവാക്കുന്നതിനാൽ യാതൊരുവിധ പരിശോധനയും കൂടാതെ ചെലവ് ചെയ്ത നടപടി അംഗീകരിക്കാനാവില്ല. അടവാക്കേണ്ടിയിരുന്ന നികുതി തുക കണക്കാക്കി അധിക തുക ക്രമീകരിക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. (122563 /- രൂപ )

## 3-8 വ്യത്യസ്ത പ്രൊജക്ടിലായി ഒരേകെട്ടിടം നിർമ്മിച്ചത്

നിർവഹണ ഉദ്യോഗസ്ഥൻ- അസി. എക്സി. എഞ്ചിനീയർ.

കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തിലെ പുന്നക്കാട് എന്ന സ്ഥലത്ത്,വണ്ടൂർ ബ്ളോക്ക് പഞ്ചായത്ത് SGSY സ്കീമിൽ 2007-08 വർഷത്തിൽ പൂർത്തിയാക്കിയ ഒറ്റ നില കെട്ടിടത്തിന്റെ രണ്ടാം നിലയായി താഴെ പറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം ഒരു കെട്ടിടം (ഏഴ് മുറികൾ) നിർമിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവർത്തിയുടെ വിവരം | ചെലവ് വിവരം | മൂല്യനിർണ്ണയ തുക | |
|---|---|---|---|
| SC ഫെസിലിറ്റേഷൻ സെന്റർ,ഉന്നതപഠനസഹായ കേന്ദ്രം നിർമാണം. പ്രൊജക്ട്നം.62/15-6<br>അടങ്കൽ. 1500000 രൂപ<br>കൺവീനർ. മുകുന്ദലാൽ.<br>അളവ് പുസ്തകം. 79/14-15 | ബിൽ നംപർ 72/30-3-15 -770000 രൂപ85/31-3-15 -334410 രൂപ&57/25-3-16 -234314 രൂപ<br>ആകെ ചെലവ് -1338724 രൂപ | 1206057 (ടാക്സ് ഒഴികെ) | കരാർ. 66/14-15 /16-1-15<br>TS. AEE/KKV /TS/319/14-15 /8-10-14 |
| കരുവാരകുണ്ട് കോമൺ ഫെസിലിറ്റി സെന്റർ നിർമാണം 9/15. പ്രൊജക്ട്നം.11/15-6<br>അടങ്കൽ. 1500000 രൂപ (14-15 940000, 15-16 560000)<br>കൺവീനർ. അബ്ദുൽ ഗഫൂർ.<br>അളവ് പുസ്തകം. 78/14-15 | ബിൽ നംപർ 62/30-3-15 -940000 രൂപ &53/21-3-16 -453842 രൂപ<br>ആകെ ചെലവ് -1393842 രൂപ | 1255714 (ടാക്സ് ഒഴികെ) | കരാർ. 67/14-15 /16-1-15<br>TS. AEE/KKV /TS/305/14-15 /8-10-14 |

അപാകതകൾ ചുവടെ ചേർക്കുന്നു

1. ഒരു കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമാണം രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ പ്രകാരം രണ്ട് വ്യത്യസ്ത

ഫണ്ടുകൾ ഉപയോഗിച്ച് രണ്ട് കൺവീനർമാരുടെയും രണ്ട് ഗുണഭോക്തൃ കമ്മറ്റികളുടേയും നേതൃത്വത്തിലാണ് നടപ്പാക്കുകയിട്ടുള്ളത്. ജനറൽ , SCP ഫണ്ട് എന്നിവ ഉപയോഗപെടുത്തി യുവജനക്ഷേമം, വിദ്യഭ്യാസം എന്നീ മേഖലകളിൽ ഫണ്ട് ചെലവഴിക്കുന്നതിന് മാത്രമായി തയ്യാറാക്കിയ ഈ പ്രൊജക്ട് ടി മേഖലയിൽ പ്രയോജനം കിട്ടുന്നതിനായി യാഥാർത്ഥ്യ ബോധത്തോടെയല്ല നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. പ്രൊജക്ട് തയ്യാറാക്കിയതും സാങ്കേതിക അനുമതി നൽകിയതും DPC അനുമതി നൽകിയതും ക്രമത്തില്ല.

2. 2007-08 ൽ നിർമിച്ച കെട്ടിടം തന്നെ നാളിതുവരെയായിട്ടും പ്രയോജനപ്പെടുത്തിയിട്ടില്ല.ഇതിന് പുറമേയാണ് മേൽപ്രോജക്ടുകൾ പ്രകാരം 30 ലക്ഷം രൂപ അടങ്കലിൽ 2732566 രൂപ ചെലവ് ചെയത് മറ്റൊരു നില കൂടി പണിതിരിക്കുന്നത്. മേൽ കെട്ടിടവും ഓഡിറ്റ് നടക്കുന്ന കാലയളവിലും യാതൊരു തരത്തിലും പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല.

## 3-9 ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല.

എഗ്രിമെന്റ് വച്ച് നാലുവർഷത്തിലധികം കഴിഞ്ഞിട്ടും പണിപൂർത്തീകരിച്ച് മുഴുവൻതുകയും കൈപ്പറ്റാതെ , വീടുകളുടെ നിർമ്മാണം അനന്തമായി നീളുന്നതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.
ഇന്ദിരാ ആവാസ് യോജനയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2013-14 വർഷം വരെ വീട് അനുവദിച്ചിട്ടുള്ളതും കരാർ വെച്ച് തുക കൈപ്പറ്റിയതിനുശേഷം , നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് / പഞ്ചായത്ത് | വിഭാഗം | എഗ്രിമെന്റ് വെച്ച വർഷം | നാളിതുവരെ നൽകിയ തുക | അവസാനം നൽകിയ വിവരം |
|---|---|---|---|---|---|
| 1 | ജാനകി-ചോക്കാട് | എസ്.സി | 2010-11 | 1,16,500 | 10,000 /- 19-10-2015 |
| 2 | അമ്മിണി -ചോക്കാട് | എസ്.സി | 2010-11 | 10000 | 10,000/- 20-12-2011 |
| 3 | ലീല - ചോക്കാട് | എസ്.സി | 2010-11 | 96500 | 25,750/- 14-01-2015 |
| 4 | ഷീജ - കരുളായി | ജനറൽ | 2011-12 | 64875 | 13,250/- 02-02-2013 |
| 5 | മാച്ചി - കാളികാവ് | എസ്.സി | 2012-13 | 1,86,500 | 15,000/- 06-012015 |
| 6 | രമ്യ - കാളികാവ് | എസ്.സി | 2012-13 | 1,77,375 | 44,125/- 30-12-2013 |
| 7 | കാളി - കാളികാവ് | എസ്.സി | 2012-13 | 1,46,500 | 50,000/- 16-12-2016 |
| 8 | സുശീല - അമരമ്പലം | എസ്.ടി | 2012-13 | 1,39,875 | 63,250/- 26-03-2013 |
| 9 | കാർത്ത്യായനി - അമരമ്പലം | എസ്.സി | 2012-13 | 1,77,375 | 25,000/- 24-03-2015 |
| 10 | ലത - കരുളായി | എസ്.സി | 2012-13 | 1,77,375 | 50,000/- 14-11-2014 |
| 11 | നാരായണി - കരുളായി | എസ്.സി | 2012-13 | 1,46,500 | 25,000/- 14-11-2014 |

| ക്രമ നം | ഗുണഭോക്താവിന്റെ പേര് / പഞ്ചായത്ത് | വിഭാഗം | എഗ്രിമെന്റ് വെച്ച വർഷം | നാളിതുവരെ നൽകിയ തുക | അവസാനം നൽകിയ വിവരം |
|---|---|---|---|---|---|
| 12 | ശാന്ത - കരുവാരകുണ്ട് | എസ്.സി | 2012-13 | 1,77,375 | 25,000/- 10-12-2015 |
| 13 | അംബിക - കരുവാരകുണ്ട് | എസ്.സി | 2012-13 | 95000 | 50,000/- 19-10-2016 |
| 14 | ശാന്തകുമാരി - കരുവാരകുണ്ട് | എസ്.സി | 2012-13 | 1,96,500 | 25,000/- 10-12-2015 |
| 15 | ലീല - കരുവാരകുണ്ട് | എസ്.സി | 2012-13 | 20000 | 20,000/- 22-03-2013 |
| 16 | ചക്കി - കരുവാരകുണ്ട് | എസ്.സി | 2012-13 | 1,58,25 | 24,300/- 29-09-2015 |
| 17 | ഷൈലശ്രീ - എടപ്പറ്റ | എസ്.സി | 2012-13 | 1,96,500 | 25,000/- 24-01-2017 |
| 18 | ശ്രീദേവി - കരുവാരകുണ്ട് | എസ്.സി | 2013-14 | 59500 | 42,000/- 11-12-2013 |
| 19 | രജിത - എടപ്പറ്റ | എസ്.സി | 2013-14 | 59500 | 42,000/- 21-03-2014 |
| 20 | പ്രേമ - കരുളായി | എസ്.സി | 2013-14 | 17500 | 17,500/- 14-03-2014 |

ബന്ധപ്പെട്ട പഞ്ചായത്തുകൾ , ജനപ്രതിനിധികൾ എന്നിവരുമായി കൂടിയാലോചിച്ച് ഇവരുടെ വീടുനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 3-10 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അധികവിഹിതം ക്രമീകരിച്ചില്ല.

2015-16 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ പദ്ധതിക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ വരുന്ന ഗ്രാമ പഞ്ചായത്തുകൾ അടവാക്കിയ തുകക്ക് അനുസൃതമായി ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതായി കാണുന്നില്ല.

ഇന്ദിരാ ആവാസ് യോജനാ ഭവനപദ്ധതിയിൽ അധികധനസഹായമായി ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ വകയിരുത്തേണ്ട വിഹിതത്തിൽ , ബ്ലോക്ക് വിഹിതം വകയിരുത്തുന്നതിന് , സംസ്ഥാനത്തെ മിക്ക ബ്ലോക്ക് പഞ്ചായത്തുകൾക്കും നിശ്ചയിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ ഈ കുറവു പരിഹരിക്കുന്നതിന് , നിശ്ചയിച്ച അനുപാതത്തേക്കാൾ കൂടുതൽ തുക വകയിരുത്തുവാൻ സന്നദ്ധതയുള്ള ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് 14-02-2014 ലെ സ.ഉ (സാ.ധാ) നം. 423/14/ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം ബ്ലോക്ക് വിഹിതം കൂടി ചേർത്ത് ചില പഞ്ചായത്തുകൾ തുക നല്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ രീതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ചേർത്ത് അടവാക്കേണ്ടതിലും കൂടുതൽ തുക ഗ്രാമപഞ്ചായത്ത് വിഹിതമായി ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഉണ്ട്.

| പഞ്ചായത്ത് | വിഭാഗം | എഗ്രിമെന്റ് വെച്ച വീടുകളുടെ എണ്ണം | എഗ്രിമെന്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് അടവാക്കേണ്ട വിഹിതം | ഗ്രാമ പഞ്ചായത്ത് അടവാക്കിയ വിഹിതം | അധികം/ കുറവ് മുൻവർഷങ്ങൾ ഉൾപ്പടെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അമരമ്പലം | എസ്.സി | 39 | 17,40,000<br>(30* 520000 )+( 9*20000) | 1760000 | 12,64,500 |
| | എസ്.ടി | 9 | 2,92,500 (9 * 32500 ) | 325000 | |
| | ജനറൽ | 54 | 22,00,000<br>( 35 * 52000 + 19*20000 ) | 2240000 | |
| ചോക്കാട് | എസ്.സി | 32 | 11,20,000<br>( 15 * 52000 +17 * 20000 ) | 10,20,000 | 5,99,375 |
| | എസ്.ടി | - | -- | - | |
| | ജനറൽ | 50 | 20,24,000<br>( 32 * 52000 + 18 * 20000) | 22,20,000 | |
| എടപ്പറ്റ | എസ്.സി | 30 | 11,12,000<br>(16 * 52000 +14 * 20000 ) | 24,44,479 | 2,21,972 |
| | എസ്.ടി | - | - | | |
| | ജനറൽ | 50 | 21,84,000<br>( 37 * 52000 + 13 * 20000 ) | 30,75,560 | |
| കാളികാവ് | എസ്.സി | 37 | 13,80,000<br>( 20 * 52000 + 17 * 20000 ) | 15,40,000 | 4,81,562 |
| | എസ്.ടി | - | - | 95000 | |
| | ജനറൽ | 50 | 19,92,000<br>( 31 * 52000 + 19 * 20000 ) | 21,12,000 | |
| കരുളായി | എസ്.സി | 26 | 10,00,000<br>( 15 * 52000 + 11 * 20000 ) | 11,80,000 | 19701 |
| | എസ്.ടി | 13 | 4,22,500<br>( 13 * 32500 ) | 4,22,500 | |
| | ജനറൽ | 47 | 17,40,000<br>(25 * 52000 + 22 * 20000) | 17,60,000 | |

| | | | | | |
|---|---|---|---|---|---|
| കരുവാരകുണ്ട് | എസ്.സി | 36 | 13,60,000 (20 * 52000 + 16 * 20000 ) | 16,40,000 | 5,30,000 |
| | എസ്.ടി | - | - | - | |
| | ജനറൽ | 57 | 22,60,000 ( 35 * 52000 + 22 * 20000 ) | 24,40,000 | |
| തുവ്വൂർ | എസ്.സി | 21 | 7,40,000 (10 * 52000 + 11 * 20000 ) | 7,10,379 | 12,641 |
| | എസ്.ടി | - | - | - | |
| | ജനറൽ | 52 | 22,24,000 ( 37 * 52000 + 15 * 20000 ) | 22,45,527 | |

ബ്ലോക്ക് പഞ്ചായത്തിലേക്ക് ഓരോ പഞ്ചായത്തും യഥാർത്ഥത്തിൽ നൽകേണ്ട തുകയിൽ വ്യക്തതവരുത്തി , അധികം നൽകിയ തുക അതാതു ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മഹിള കിസാൻ ശശാക്തീകരൺ പരിയോജന - അവലോകനം

യന്ത്രവൽക്കരണത്തിലൂടെ കാർഷിക മേഖലയുടെ പുനരുദ്ധാരണവും, സ്ത്രീകൾക്ക് തൊഴിൽ നൈപുണ്യം നൽകി സ്ത്രീ ശാക്തീകരണവുമാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിള കിസാൻ ശശാക്തീകരൺ പരിയോജന കൊണ്ട് ലക്ഷ്യമാക്കുന്നത്. സംസ്ഥാന സർക്കാർ സ്ഥാപനമായ CoMPT- Project Management Unit- തൃശ്ശൂർ എന്ന സ്ഥാപനം മുഖേനയാണ് ബ്ലോക്ക് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതിയുടെ ഭാഗമായി സ്ത്രീ തൊഴിലാളികൾ അംഗങ്ങളായ ലേബർ ബാങ്ക് രൂപീകരിക്കുകയും, തൊഴിലാളികൾക്ക് കാർഷിക മേഖലയിലെ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് ഉൾപ്പടെയുള്ള പരിശീലനങ്ങളും, കാർഷിക യന്ത്രങ്ങളും നൽകുകയാണ് ചെയ്തിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി ചെലവ്.

ട്രെയിനിംഗ്, കാർഷിക ഉപകരണങ്ങൾ നൽകൽ എന്നിവക്ക് വേണ്ടി നാളിതുവരെ 18,20,000/- രൂപ എം.കെ.എസ്.പി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/ തിയ്യതി | തുക |
|---|---|---|
| 01 | 31/14-15, 25.03.2015 | 100000 |
| 02 | 05/15-16, 21.07.2015 | 900000 |
| 03 | 01/16-17, 18.10.2016 | 820000 |
| ആകെ | | 18,20,000 |

2. വനിതാ ലേബർ ബാങ്ക്, ട്രൈനിംഗ്.

75 തൊഴിലാളികളെ അംഗങ്ങളായി വനിത ലേബർ ബാങ്ക് രൂപീകരിക്കുകയും, ലേബർ ബാങ്കിൽ ഉൾപ്പെട്ട

തൊഴിലാളികൾക്ക് താഴെ ചേർത്തിട്ടുള്ള ഇനങ്ങളിലായി ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ട്രെയിനിംഗ് ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 01 | സ്കിൽഡ് ട്രെയിനിംഗ് | 75 |
| 02 | അക്കൗണ്ടൻസി ട്രെയിനിംഗ് | 03 |
| 03 | മെക്കാനിക്കൽ ട്രെയിനിംഗ് | 22 |
| 04 | തെങ്ങ് കയറുന്നതിനുള്ള ട്രെയിനിംഗ് | 33 |

3. <u>ഉപകരണങ്ങൾ.</u>

പദ്ധതിയുടെ ഭാഗമായി CoMPT- Project Management Unit- തൃശ്ശൂർ എന്ന സ്ഥാപനം മുഖേന താഴെ ചേർത്തിട്ടുള്ള ഉപകരണങ്ങൾ/ യന്ത്രങ്ങൾ വനിതാ ലേബർ ബാങ്കിന് ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഉപകരണം/ യന്ത്രം | എണ്ണം |
|---|---|---|
| 01 | ട്രാക്ടർ | 01 |
| 02 | നടീൽയന്ത്രം | 04 |
| 03 | കളപറി യന്ത്രം | 35 |
| 04 | മെതിയന്ത്രം | 01 |

4. <u>പ്രവർത്തനം.</u>

ലേബർ ബാങ്കിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ലഭിച്ച പരിശീലനം, ഉപകരണങ്ങൾ/ യന്ത്രങ്ങൾ എന്നിവ ഉപയോഗിച്ച് നെൽകൃഷിക്ക് വേണ്ടി മൂന്ന് വർഷങ്ങളിലായി മൊത്തം 87 ഏക്കർ സ്ഥലത്ത് ഞാറ് നടീൽ നടത്തിയിട്ടുണ്ട്. ഒരേക്കർ സ്ഥലത്ത് നടീൽ നടത്തുന്നതിന് 4000/- രൂപ നിരക്കിലാണ് ഉടമസ്ഥരിൽ നിന്നും തുക ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | വർഷം | ഏക്കർ |
|---|---|---|
| 01 | 2014-15 | 03 |
| 02 | 2015-16 | 45 |
| 03 | 2016-17 | 39 |
| ആകെ | | 87 |

5. <u>ഓഡിറ്റ് വിലയിരുത്തലുകൾ.</u>

1. ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂ പ്രകൃതി, നെൽ കൃഷിയുടെ വിസ്തീർണം, ഓരോ കർഷകനും നെൽ കൃഷി ചെയ്യുന്ന ശരാശരി കൃഷി ഭൂമി എന്നിവ വിലയിരുത്തി ബ്ലോക്ക് പഞ്ചായത്തുമായി കൂടിയാലോചന നടത്തിയല്ല യന്ത്രങ്ങൾ നൽകിയിട്ടുള്ളത്. [ഉദാ. ബ്ലോക്ക് പഞ്ചായത്തിൽ ഓരോ കർഷകനും നാമമാത്രമായ വിസ്തീർണ്ണത്തിൽ മാത്രമാണ് നെൽ കൃഷി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ മെതിയന്ത്രം ആവശ്യമായി വരുന്നില്ല. ലഭിച്ച മെതിയന്ത്രം നാളിതുവരെ ഉപയോഗിച്ചിട്ടുമില്ല].
2. ട്രാക്ടർ, കളപറി യന്ത്രം, മെതിയന്ത്രം എന്നിവ നാളിത് വരെ ഉപയോഗിച്ചിട്ടില്ല.
3. തുടർ പരിശീലനം നൽകുന്നില്ല.

4. ഉപകരണങ്ങൾ/ യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് ഗ്യാരേജുകൾ ഇല്ല [ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഉപകരണങ്ങൾ/ യന്ത്രങ്ങൾ ഒരു വീടിൽ കൂട്ടിയിട്ടതായി കണ്ടു
5. എം.കെ.എസ്.പി- ക്ക് നൽകിയ തുകയിൽ ട്രൈനിംഗ്, ഉപകരണങ്ങളുടെ വില എന്നവ സംബന്ധിച്ച വിനിയോഗ സാക്ഷപത്രം ലഭ്യമാക്കാത്തത് കൊണ്ട് നൽകിയ തുകയുടെ ആവശ്യകത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

6. ഓഡിറ്റ് നിർദ്ദേശങ്ങൾ.

1. ബ്ലോക്ക് പഞ്ചായത്തിലേക്ക് യന്ത്രങ്ങൾ/ ഉപകരണങ്ങൾ ലഭ്യമാക്കുമ്പോൾ പ്രവർത്തിപ്പിക്കുന്നതിന് അവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് [ഉദാ. ട്രാക്ടർ ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം, ഡ്രൈവിംഗ് ലൈസൻസ് എന്നിവ തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല].
2. ബ്ലോക്ക് പഞ്ചായത്ത് നൽകുന്ന തുകക്ക് എസ്റ്റിമേറ്റ് എം.കെ.എസ്.പി-ൽ നിന്നും ലഭ്യമാക്കേണ്ടതും, നൽകിയ തുകക്ക് ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.
3. ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ഗ്രാമ പഞ്ചായത്തുകൾ, കൃഷി ഓഫീസുകൾ, പാടശേഖര സമിതികൾ, കർഷകർ എന്നിവയുമായി സഹകരിച്ച് നെൽ കൃഷി വ്യാപിപ്പിക്കുന്നതിനും, കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. നിലവിൽ കരുളായി, അമരമ്പലം പഞ്ചായത്തുകളിൽ മാത്രമാണ് ലേബർ ബാങ്ക് മുഖേന പ്രവർത്തികൾ നടന്നിട്ടുള്ളത്. ആയത് ബ്ലോക്ക് പഞ്ചായത്തിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1820000/- രൂപ ചെലവഴിച്ച മേൽ പ്രൊജക്ട് കൊണ്ട് കേവലം 87 ഏക്കർ സ്ഥലത്ത് ഞാറ് നടീൽ പ്രവർത്തി മാത്രമാണ് നടന്നിട്ടുള്ളത്. പ്രാദേശികമായ പ്രത്യേകതകളും, സാധ്യതകളും, പരിമിതികളും പരിഗണിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയത് മൂലം ലേബർ ബാങ്കിലെ തൊഴിലാളികൾക്ക് ലഭിച്ച വിദഗ്ദ പരിശീലനമോ, യന്ത്രങ്ങളോ പൂർണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 32624365 | ഐ.എ.വൈ വീടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം | 21767125 | 10857240 |

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 29407128 | ഐ.എ.വൈ വീടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം | 18709500 | 10697628 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര് | ഉത്തരവ് നം / തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| ഐ.എ.വൈ. ലോൺ | ജി.ഒ.എം.എസ്. 90/2013 തിയ്യതി 14.03.2013 | 11953000 | 11686824 (മുതൽ+ പലിശ) | 2453725 | 2002534 | 7230565 | ലഭ്യമല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

2015-16 വർഷത്തിൽ ഓഡിറ്റ് റിക്കവറി ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 239761333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 179281972 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 950286 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 622689 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15635 | ശ്രീ. ജോസ് ജോസഫ്<br>സെക്രട്ടറി |
| 3-4 | | 895239 | ശ്രീ. ജി. ബാലചന്ദ്രൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (4476195.50 /- )<br>ശ്രീ. മുരളീകൃഷ്ണൻ. സി.ആർ.<br>അസിസ്റ്റന്റ് എൻജിനീയർ (4476195.50 /- ) |
| 3-5 | | 39412 | ശ്രീ. ജി. ബാലചന്ദ്രൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (19706 /- )<br>ശ്രീ. മുരളീകൃഷ്ണൻ. സി.ആർ.<br>അസിസ്റ്റന്റ് എൻജിനീയർ (19706 /- ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 500126 | ശ്രീ. ജി. ബാലചന്ദ്രൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.<br>ശ്രീ. മുരളീകൃഷ്ണൻ. സി.ആർ.<br>അസിസ്റ്റന്റ് എൻജിനീയർ |
| 3-7 | 122563 | ശ്രീ. ജി. ബാലചന്ദ്രൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.<br>ശ്രീ. മുരളീകൃഷ്ണൻ. സി.ആർ.<br>അസിസ്റ്റന്റ് എൻജിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | റിമാർക്ക്സ് |
|---|---|---|
| 3-2 | 140080 | കേന്ദ്ര സർക്കാരിനുള്ള നഷ്ടം |
| 3-3 | 42467 | കേന്ദ്ര സർക്കാരിനുള്ള നഷ്ടം |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. ജി. ബാലചന്ദ്രൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ലഭ്യമല്ല | എം.എൻ.ആർ. എ 159, മ്യൂസിയം നഗർ, ഇടപ്പള്ളി നോർത്ത്, കൊച്ചി - 682024 |
| ശ്രീ. മുരളീകൃഷ്ണൻ. സി.ആർ.<br>അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ , എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ വണ്ടൂർ | അശ്വതി , ചെറുകര പി. ഒ , മലപ്പുറം ജില്ല -679340 |
| ശ്രീ. ജോസ് ജോസഫ്<br>സെക്രട്ടറി | റിട്ടയേർഡ് ബി.ഡി.ഒ | ഉഴതാനമലയിൽ , പാല പി. ഒ , കോട്ടയം - 686653 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2010-11 | എൽ.എഫ്.എം. 4/2487/12<br>തിയ്യതി 08-05-2012 | 3 | |
| 2011-12<br>2012-13 | എൽ.എഫ്.എം. 4/838/2014<br>തിയ്യതി 11-06-2014 ,05-07-2014 | 23 | |
| 2013-14 | എൽ.എഫ്.എം. 4/638/2015<br>തിയ്യതി 29-07-2015 | 6 | |
| 2014-15 | കെ.എസ്.എ.എം.പി.എം. 4/19/2016<br>തിയ്യതി 15-01-2016 | 14 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

mac.3/17

## 5-B

## AUDIT CERTIFICATE

No. KSA/MPM- 4/561/17

Kerala State Audit Department

District Office, Malappuram

Dated: 09-02-2017

Certified that I have Audited the Annual Financial Statement of Kalikavu Block Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala panchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Kalikavu Block Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR,

DISTRICT AUDIT OFFICE, MALAPPURAM.

# 5-A

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.4/561/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ-676505, ഫോൺ:04832734951

തീയതി-09-02-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാളികാവ് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , മലപ്പുറം.

എം.എ.3/17